# വടകരയിൽ വൻ കാഞ്ചാവ് വേട്ട , ജില്ലയിൽ കഞ്ചാവ് എത്തിക്കുന്ന പ്രധാനി  പിടിയിൽ

വടകര കോഴിക്കോട് ജില്ലയിൽ കഞ്ചാവ് എത്തിക്കുന്ന കണ്ണിയിലെ പ്രധാനി വടകരയിൽ പിടിയിൽ. തൃശൂർ മുകുന്ദപുരം , മറ്റത്തൂർ, കറുത്തേടത്ത് ദിനേശനേയാണ് സി.ഐ ടി മധുസീദനനും സംഘവും പിടികൂടിയത്.

വടകര പുതിയ സ്റ്റാൻററിന് സമീപം ബാഗിൽ കഞ്ചാവുമായി എത്തിയതായിരുന്നു പ്രതി. വടകരയിലും സമീപ പരിരങ്ങളിലും വിതരണം ചെയ്യാനായി ഒന്നേകൽ കിലോയോളം കഞ്ചാവ് ഇയാളിൽ നിന്നും പിടിച്ചെടുത്തു. തമിഴ്നാട്ടിലെ തേനിയിൽ നിന്നാണ് കഞ്ചാവ് എത്തിക്കുന്നതെന്ന് പറയുന്നു. പയ്യോളി, താമരശ്ശാരി എന്നീ പോലീസ് സ്റ്റേഷനുകളിലും വടകര എക്സൈസിലും ഇയാൾക്കെതിരെ കേസുകളുണ്ട്. പോലീസിന് ലഭിച്ച രഹസ്യവിവരത്തിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് കഞ്ചാവുമായി ഇയാളെ കണ്ടെത്തിയത്.നാർക്കോട്ടിക് സ്പെഷൽ സ്കോഡിലെ എ.എസ്.ഐ ബാബു കക്കട്ടിലിൻെറ നേതൃത്വത്തിൽ എ.എസ്.ഐ സി.എച്ച് ഗംഗാധരൻ, സീനിയർ സിവിൽ പോലീസ് ഓഫീസർ മാരായ കെ.പി രാജീവൻ, പ്രദീപൻ എന്നിവരങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

